**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 343** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ സോഫ്റ്റ്‌വെയർ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ രമേശ് ചെന്നിത്തല ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളുടെ സോഫ്റ്റ്‌വെയർ കാര്യക്ഷമമാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ഇവ പര്യാപ്തമാണോയെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വിവിധ കമ്പനികളുടെ സോഫ്റ്റ്‌വെയറുകളാണ് ഉപയോഗിക്കുന്നത്. ഏകീകൃത രൂപമോ, വ്യക്തമായ സുരക്ഷാ മാനദണ്ഡങ്ങളോ പാലിക്കാത്ത സോഫ്റ്റ്‌വെയറുകളാണ് പല സംഘങ്ങളിലും ഉപയോഗിച്ചു വരുന്നത്. ഡേറ്റാ സുരക്ഷ, പാസ്സ്‌വേർഡ് പോളിസി തുടങ്ങിയ അടിസ്ഥാനപരമായ സുരക്ഷിതത്വ മാനദണ്ഡങ്ങൾ പല സോഫ്റ്റ്‌വെയറുകളും പാലിക്കുന്നില്ല. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്താണ് സഹകരണ സംഘങ്ങളിൽ സോഫ്റ്റ്‌വെയർ സുരക്ഷ ഓഡിറ്റ് നടത്തണമെന്നും അടിസ്ഥാനപരമായ സുരക്ഷിതത്വ മാനദണ്ഡങ്ങൾ പാലിക്കണമെന്നും നിർദേശം നൽകിയിരുന്നു. മേൽ നിർദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും നിലവിൽ ഉപയോഗിക്കുന്ന പല സോഫ്റ്റ്‌വെയറുകളിലും ഇത്തരം മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ട പല സംഘങ്ങളിലും സോഫ്റ്റ്‌വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. സഹകരണ മേഖലയുടെ വ്യാപ്തിക്കും വളർച്ചക്കും അനുസൃതമായി നിലവിൽ ഉപയോഗിക്കുന്ന മിക്കവാറും സോഫ്റ്റ്‌വെയറുകൾ അനുയോജ്യമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്. |
| (ബി) | സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുഗമമാക്കാൻ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കായി RFP പ്രകാരമുള്ള ടെണ്ടർ ക്ഷണിക്കുകയും, e-Tender-ൽ പങ്കെടുത്ത് TCS സമർപ്പിച്ച ടെക്നിക്കൽ, ഫിനാൻഷ്യൽ |

| | | | |
|---|---|---|---|
| | | | ബിഡ്ഡുകൾ അംഗീകരിച്ച സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നിർദ്ദേശം (Letter of Intent) TCS-നു നൽകിയിട്ടുണ്ട്. TCS-മായി കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ പദ്ധതി ആരംഭിക്കുന്നതാണ്. കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ് വെയറാണ് സഹകരണ വകുപ്പ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടീം ആഡിറ്റ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് പദ്ധതിയായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും ചെയ്തു. ടി ജില്ലകളിൽ പദ്ധതി വൻ വിജയമായതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയുണ്ടായി.<br><br>ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ആഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.<br><br>ഇതിനു പുറമേ ജില്ല തലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേയ്ക്കായി ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ |

| | | | | |
|---|---|---|---|---|
| | | | | വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **GAAP** യിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>വസ്തു ഈടുകളുടെ സാംപിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>ആഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. ആഡിറ്റ് MATRIX–ൽ ആഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ആഡിറ്റ് MATRIX ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കണം.<br><br>Entry Meet, Exit meet, Draft Audit Memo, Audit para System, compliance register , para dropping എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നിർദ്ദേശ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ